**കേരള സർക്കാർ**

(സംഗ്രഹം)

പൊതു വിദ്യാഭ്യാസം - ജീവനക്കാര്യം - എസ്.സി.ഇ.ആർ.ടി യിൽ നേരിട്ട് നിയമനം ലഭിച്ച എട്ട് അക്കാദമിക് ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

പൊതുവിദ്യാഭ്യാസ (പി) വകുപ്പ്

സ.ഉ.(എം.എസ്) നം.170/09/പൊ.വി. തീയതി, തിരുവനന്തപുരം, 20 ആഗസ്റ്റ് 2009.

---

പരാമർശം:- 25.04.2008, 24.10.2008, 09.01.2009 എന്നീ തീയതികളിലെ എസ്.സി.ഇ.ആർ.ടി ഡയറക്ടറുടെ എ1/5270/06/എസ്.സി.ഇ.ആർ.ടി നമ്പർ കത്തുകൾ.

## ഉത്തരവ്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി) യിലെ അക്കാദമിക് വിഭാഗത്തിൽ നേരിട്ട് നിയമനം ലഭിച്ച 6 റിസർച്ച് ഓഫീസർമാരുടെയും, ഒരു ലക്ചററുടെയും, ഒരു ലൈബ്രേറിയന്റെയും ശമ്പള സ്കെയിൽ പരിഷ്കരിച്ച് നൽകുന്നതിന് എസ്.സി.ഇ.ആർ.ടി ഡയറക്ടർ പരാമർശ കത്തുകൾ പ്രകാരം സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി.

2). പ്രസ്തുത നിർദ്ദേശം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. അതിൻപ്രകാരം സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി) യിലെ അക്കാദമിക് വിഭാഗത്തിൽ നേരിട്ട് നിയമനം ലഭിച്ച എട്ട് ജീവനക്കാരുടെ (റിസർച്ച് ഓഫീസർ -6, ലക്ചറർ-1, ലൈബ്രേറിയൻ-1) ശമ്പള സ്കെയിൽ, സംസ്ഥാനജീവനക്കാരുടെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെടുത്തി 1997-ലെ ശമ്പള സ്കെയിലായ 7200-11400/- രൂപയിൽ നോഷണൽ ആയി പരിഷ്കരിക്കുന്നതിനും, 1997-ൽ നിലവിൽ വന്ന ശമ്പള സ്കെയിലിന് നോഷണൽ ആയി ഫിക്സേഷൻ നൽകികൊണ്ട് 2004-ലെ കറസ്പോണ്ടിംഗ് റിവൈസ്ഡ് സ്കെയിലായ 11910-19350 രൂപയിൽ പരിഷ്കരിക്കുന്നതിനും അനുമതി നൽകികൊണ്ട് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

റോയി ഫ്രാൻസിസ് ജോസഫ്

ഡെപ്യൂട്ടി സെക്രട്ടറി.

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ /ആഡിറ്റ് )കേരള, തിരുവനന്ത പുരം.
ഡയറക്ടർ, പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റ്, തിരുവനന്ത പുരം.
ധനകാര്യ വകുപ്പ് (നം.7537/എഡ്യൂ.ബി2/09/ഫിൻ തീയതി 08.06.2009)
പൊതു ഭരണ (എസ്.സി) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.